(ഡി) 19-9-2014-ലെ സ.ഉ.(പി) നമ്പർ 399/2014 /ധന ഉത്തരവ് പ്രകാരം റവന്യൂ കടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ഓരോ ജില്ലയിലും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ മേൽനോട്ട സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു. 10-11-2014-ലെ സ.ഉ.(പി) നമ്പർ 482/2014/ധന പ്രകാരം നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 31-3-2013-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ആകെ 12243.86 കോടി രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ടായിരുന്നു. വകുപ്പുതല കണക്കുകൾ പ്രകാരം 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പിരിച്ചെടുക്കേണ്ടിയിരുന്നതുൾപ്പെടെ നിലവിലെ നികുതി കുടിശ്ശിക 12741.96 കോടി രൂപയാണ്.

ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പദ്ധതി

19 (*199) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഹജ്ജ് കാര്യവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസി ഊരുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇപ്രകാരം ആദിവാസി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പ്രവൃത്തികൾ ഏറ്റെടുത്തു ചെയ്യുന്നതിന് നിർദ്ദേശിക്കപ്പെടുന്ന ഏജൻസികളെ തിരഞ്ഞെടുക്കുന്നത് ഏതു മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്, വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന ഉൗരുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു:

- കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275 (1) പ്രകാരമുള്ള ഗ്രാന്റ്- ഇൻ എയ്ഡ്-ൽ അനുവദിക്കുന്ന പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിന് ഉതകുംവിധം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വികസനത്തിന് പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഗതാഗത സൗകര്യമുള്ള റോഡ്, പാലം എന്നിവ ഉൾപ്പെടെയുള്ള പദ്ധതികളും കുടിവെള്ളം, വൈദ്യുതി, സോളാർ ലൈറ്റുകൾ, നടപ്പാതകൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, അംഗൻവാടികൾ, സ്കൂൾ കെട്ടിടം തുടങ്ങിയവ നിർമ്മിക്കുന്ന പദ്ധതികളും അതാത് വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.
- 2014-15 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത 14 പ്രദേശങ്ങളിലെ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി 150 കോടി രൂപയുടെ പുതിയ പദ്ധതി നടപ്പിലാക്കൽ പ്രാരംഭ ഘട്ടത്തിലാണ്.
- പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് മുഖേന പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് 148 കോടി രൂപ 2011-2015 കാലയളവിലേക്ക് ലഭിക്കുകയും ആയത് പ്രകാരം ടി പദ്ധതിയുടെ നിർവ്വഹണം അന്തിമ ഘട്ടത്തിലാണ്.
- ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 വർഷം 345 ഗുണഭോക്താക്കൾക്ക് 154.43 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. നടപ്പു വർഷവും ടി പദ്ധതി നടപ്പിലാക്കി വരുന്നു.
- 2014-15 സാമ്പത്തിക വർഷം ഹഡ്കോയിൽ നിന്നും 150 കോടി രൂപ വായ്പയെടുത്ത് 5000 വീടുകൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
- 2013-14 സാമ്പത്തിക വർഷം ആരംഭിച്ച ഹാംലെറ്റ് വികസന പദ്ധതി ആ വർഷം 18 സങ്കേതങ്ങളും 2014-15 വർഷം 25 സങ്കേതങ്ങളും തെരഞ്ഞെടുത്ത് ടി സങ്കേതങ്ങളിൽ ഒരു കോടി രൂപ വീതം ചെലവഴിച്ച് അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

- പട്ടികവർഗ്ഗ പ്രദേശങ്ങളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നബാർഡിന്റെ RIDF സ്കീമിൽ ഉൾപ്പെടുത്തി 134 റോഡുകളും 2 പാലങ്ങളും നിർമ്മിക്കുന്നതിനായി 103 കോടി രൂപയുടെ വായ്പയ്ക്കുള്ള അനുമതി നൽകുകയും ആയത് പ്രകാരം പ്രസ്തുത പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- ഗിരിവർഗ്ഗ പ്രദേശത്തെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികളുടെ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു :

ക്രമ നമ്പർ	പദ്ധതി	2011-12	2012-13	2013-14	2014-15 ഒക്ടോബർ 30 വരെ
1	കോർപ്പസ് ഫണ്ട്	3355.85	2348.62	3400.68	1736.46
2	ആർട്ടിക്കിൾ 275(1)	325.96	358.56	597	65.20
3	പൂൾഡ് ഫണ്ട്	867.16	1247.54	1300	47.00
4	ഭവന നിർമ്മാണം	1999.86	2499.90	2375	536.61
5	ഹാംലെറ്റ് പദ്ധതി	-	-	982.93	81.24
6	ടി.ആർഡി.എം.	1500	2000	1999.99	539.67
7	പി.വി.ടി.ജി.	976.80	3693.04	5688.35	1201.74
	ആകെ	9025.63	12147.66	16343.95	4207.92

(സി) സർക്കാർ എംപാനൽ ചെയ്തിട്ടുള്ള വിവിധ ഏജൻസികളെയാണ് ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly